ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 19.07.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ. സമ്മേളനം തിങ്കളാഴ്ച്ച ആരംഭിക്കും.
   **Ahead of Parliament's Monsoon Session, Centre calls All-Party Meeting tomorrow; Monsoon session to begin on Monday.**

2. മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും പ്രതിരോധിക്കാൻ ലക്ഷ്യമിട്ടുള്ള യുവ ആത്മീയ ഉച്ചകോടിക്ക് ഇന്ന് വാരാണസിയിൽ തുടക്കമാകും.
   **Youth Spiritual Summit aimed at combating drug Use and trafficking, to begin today in Varanasi.**

3. ജസ്റ്റിസ് യശ്വന്ത് വർമയെ ഔദ്യോഗിക സ്ഥാനത്ത് നിന്ന് നീക്കണമെന്ന വിഷയത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സമാന അഭിപ്രായമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു.
   **Parliamentary Affairs Minister Kiren Rijiju says, all political parties are on board on the issue of the impeachment of Justice Yashwant Varma.**

4. പാലക്കാട് ഐഐടിയിലെ ഏഴാമത് ബിരുദദാന ചടങ്ങിൽ ഇന്ന് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ മുഖ്യാതിഥിയാകും.
   **Union Minister Dharmendra Pradhan to be chief guest at 7th convocation of IIT Palakkad today.**

5. കേരളത്തിൽ മഴ ശക്തമായി തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത; വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും വടകര താലൂക്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

**Heavy rains continue in Kerala; Red alert in Malappuram, Kozhikode, Wayanad, Kannur, and Kasaragod; Schools closed in Wayanad, Kannur, Kasaragod, and Vadakara taluk.**

6. വനിതകളുടെ ഫിഡെ ലോകകപ്പ് ചെസ്സിൽ, ഗ്രാൻഡ്മാസ്റ്റർമാരായ കൊനേരു ഹംപി, ഡി ഹരിക, ആർ വൈശാലി, ദിവ്യ ദേശ്മുഖ് എന്നിവർ ക്വാർട്ടർ ഫൈനലിൽ.

**In Chess, Grandmasters Koneru Humpy, D Harika, R Vaishali, and Divya Deshmukh reach quarterfinals of FIDE world women's cup.**

*******************************************************

HEADLINE-1

## GOVT-ALL PARTY MEETING

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടാനാണ് യോഗം വിളിച്ചത്. തിങ്കളാഴ്ച ആരംഭിക്കുന്ന സമ്മേളനം അടുത്ത മാസം 21 വരെ നീളും. വർഷകാലസമ്മേളനത്തിൽ നിരവധി സുപ്രധാന നിയമനിർമാണങ്ങളും ചർച്ചകളും നടക്കും.

***********************

## RIJIJU- SPORTS BILL (INTRO)

വരുന്ന പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുന്ന ദേശീയ കായിക ഭരണനിർവഹണ ബിൽ ഇന്ത്യയുടെ കായിക രംഗത്തെ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിക്കുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. പുതിയ കായിക നയം നിലവിൽ വരുന്നതോടെ രാജ്യത്ത് ഒരു മികച്ച കായിക സംസ്കാരത്തിന് വഴിയൊരുങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

************************

**HEADLINE-2**

## VARANASI-YOUTH SPIRITUAL SUMMIT

മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും ശക്തമായി പ്രതിരോധിക്കാൻ ലക്ഷ്യമിട്ടുള്ള യുവ ആത്മീയ ഉച്ചകോടി ഇന്ന് വാരാണസിയിൽ ആരംഭിക്കും. 'വികസിത ഭാരതത്തിനായി യുവാക്കളെ ലഹരിയിൽ നിന്ന് മോചിപ്പിക്കാം' എന്ന പ്രമേയത്തിൽ യുവജനകാര്യ, കായിക മന്ത്രാലയമാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രിമാരായ മൻസുഖ് മാണ്ഡവ്യ, ഗജേന്ദ്ര സിംഗ് ശെഖാവത്ത്, വീരേന്ദ്ര കുമാർ തുടങ്ങിയവർ പങ്കെടുക്കും. രാജ്യത്തുടനീളമുള്ള ആത്മീയ, സാമൂഹിക-സാംസ്കാരിക സംഘടനകളെ പ്രതിനിധീകരിച്ച് 500-ലധികം യുവ പ്രതിനിധികൾ ഉച്ചകോടിയുടെ ഭാഗമാകും. മയക്കുമരുന്ന് രഹിത ഇന്ത്യക്കായുള്ള സമഗ്ര കർമ്മ പദ്ധതി അവതരിപ്പിക്കുന്ന കാശി പ്രഖ്യാപനത്തിന്റെ പ്രകാശനത്തോടെ ഈ മാസം 20 ന് ഉച്ചകോടി അവസാനിക്കും.

************************

**HEADLINE-3**

## RIJIJU - JUSTICE VERMA

വസതിയിൽ നിന്നും അനധികൃതമായ പണം കണ്ടെത്തിയ കേസിൽ, ജസ്റ്റിസ് യശ്വന്ത് വർമ്മയെ ഔദ്യോഗിക സ്ഥാനത്ത് നിന്ന് നീക്കണമെന്ന വിഷയത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സമാന അഭിപ്രായമാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. ഇത് സംബന്ധിച്ച് എല്ലാ പ്രമുഖ പാർട്ടി നേതാക്കളുമായി ചർച്ച നടത്തിയതായും ഒരു വാർത്ത ഏജൻസിക്കു നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. അതിനിടെ, യശ്വന്ത് വർമ്മക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് അന്നത്തെ ചീഫ് ജസ്റ്റിസ്സായിരുന്ന ജസ്റ്റിസ് സഞ്ജീവ് ഖന്ന പ്രധാന മന്ത്രിക്കും രാഷ്ട്രപതിക്കും അയച്ച കത്ത് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ജസ്റ്റിസ് യശ്വന്ത് വർമ്മ ഇന്നലെ സുപ്രീം കോടതിയിൽ ഹർജ്ജി നൽകി.

************************

HEADLINE-4

## PALAKKAD IIT-DARMENDRA PRADHAN

ഇന്ന് രാവിലെ പാലക്കാട് ഐഐടിയിൽ നടക്കുന്ന ഏഴാമത് ബിരുദദാന ചടങ്ങിൽ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ മുഖ്യാതിഥിയാകും. ഐഐടി ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാൻ രമേഷ് വെങ്കിടേശ്വരൻ അധ്യക്ഷത വഹിക്കും. 328 പേർ ബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങും. അക്കാദമിക തലത്തിൽ മികവുപുലർത്തിയ വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്യും.

************************

HEADLINE-5

## RAIN KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച്

ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെയും കോഴിക്കോട് വടകര താലൂക്കിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 22 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

************************

## IMD-WEATHER

രാജസ്ഥാൻ, മധ്യപ്രദേശ്, അസം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലും ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും അടുത്ത ഒരാഴ്ച ഇടിമിന്നലോടുകൂടിയ മഴയുണ്ടാകുമെന്നാണ് മുന്നറിയിപ്പ്..

************************

## KOLLAM THEVALAKKARA - MINISTERS VISIT

കൊല്ലം തേവലക്കരയിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുന്റെ സംസ്കാരം ഇന്ന് വൈകിട്ട് നടക്കും. രാവിലെ 10 മുതൽ 12 മണി വരെ മൃതദേഹം തേവലക്കര സ്കൂളിൽ പൊതു ദർശനത്തിനു വയ്ക്കും. ഇന്നലെ മന്ത്രിമാരായ വി ശിവൻകുട്ടിയും കെ.എൻ.ബാലഗോപാലും മിഥുന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു. ദുരന്തം നടന്ന സ്കൂളും ഇരുവരും സന്ദർശിച്ചു.

************************

## CHHATTISGARH-ENCOUNTER

ഛത്തീസ്ഗഢിലെ നാരായൺപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ആറ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. രഹസ്യ വിവരത്തെ തുടർന്ന് അബുജ് മാദ് വനമേഖലയിൽ സുരക്ഷാ സേനയുടെ സംയുക്ത സംഘങ്ങൾ നടത്തിയ തിരച്ചിലിന് ഇടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. നിരവധി ആയുധങ്ങളും സ്ഥലത്തുനിന്ന് കണ്ടെടുത്തു. ഏറ്റുമുട്ടലുണ്ടായ പ്രദേശത്തും പരിസരങ്ങളിലും സുരക്ഷാ സേനയുടെ തിരച്ചിൽ തുടരുകയാണ്.

************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

************************

## EC-SIR BIHAR

ബിഹാറിൽ വോട്ടർപട്ടികയുടെ പുനഃപരിശോധനാ പ്രക്രിയയുടെ ഭാഗമായി ഏഴ് കോടി 48 ലക്ഷത്തിലധികം പേര് ചേർക്കൽ അപേക്ഷകൾ ശേഖരിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ആകെ വോട്ടർമാരുടെ 94.68 ശതമാനമാണ് എന്യുമെറേഷൻ ഫോമുകൾ നൽകിയത്. 1.61 ശതമാനം വോട്ടർമാർ മരിച്ചതായും 2.3 ശതമാനം പേർ സ്ഥിരമായി സ്ഥലം മാറിയതായും 4.67 ശതമാനം വോട്ടർമാരെ അവരുടെ വിലാസത്തിൽ കണ്ടെത്താനായില്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

യോഗ്യരായ ഒരു വോട്ടറെയും ഒഴിവാക്കില്ലെന്നും കമ്മീഷൻ വ്യക്തമാക്കി.

************************

## IFFI MEETING

ഗോവയിൽ നടക്കാനിരിക്കുന്ന 56 ആമത് അന്താരാഷ്ട്ര ചലച്ചിത്രമേള സ്റ്റിയറിങ് കമ്മിറ്റിയുടെ ആദ്യ യോഗം ഇന്നലെ മുംബൈയിൽ നടന്നു. ദേശീയ ചലച്ചിത്ര വികസന കോർപറേഷൻ ആസ്ഥാനത്ത് നടന്ന യോഗത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അധ്യക്ഷത വഹിച്ചു. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചലച്ചിത്ര വിപണിയും അന്ത്രാരാഷ്ട്ര ചലച്ചിത്രമേഖലയിൽ രാജ്യത്തിന്റെ നിർണായക ഘടകവുമായ വേവ്സ് ഫിലിം ബസാറും മേളയിൽ ഉണ്ടാകും.

************************

## WAVES OTT FILM (INTRO)

പ്രസാർ ഭാരതിയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ WAVES OTT യിൽ ഇറക്കുന്ന ഫീച്ചർ ഫിലിമായ ഡെല്ല ബെല്ലാ ബദ്ലെഗി കഹാനി-യുടെ ആദ്യ പ്രദർശനം ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ നടന്നു. പൈതൃകവും ഡിജിറ്റൽ നവീകരണവും സമന്വയിപ്പിക്കുന്ന ഇന്ത്യയിലെ ഏക പൊതു സേവന സ്ട്രീമിംഗ് പ്ലാറ്റ്ഫോമാണ് WAVES OTT എന്ന് ചടങ്ങിൽ സംസാരിച്ച പ്രസാർ ഭാരതി ചെയർമാൻ നവനീത് സെഹ്ഗാൾ പറഞ്ഞു.

(വോയിസ്...)

ഡോക്യുമെന്ററികൾ, റേഡിയോ പരിപാടികൾ, ഡിഡി ആർക്കൈവുകൾ, ലൈവ് ടിവി, ഓൺലൈൻ ഷോപ്പിംഗ്, വാർത്തകൾ, എന്നിവയും പ്ലാറ്റ്ഫോമിൽ ഉണ്ടായിരിക്കും.

************************

HEADLINE-6

## CHESS-WORLD CUP

വനിതകളുടെ ഫിഡെ ലോകകപ്പ് ചെസ്സിൽ, ഗ്രാൻഡ്മാസ്റ്റർമാരായ കൊനേരു ഹംപി, ഡി ഹരിക, ആർ വൈശാലി, ദിവ്യ ദേശ്മുഖ് എന്നിവർ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ഇതോടെ ടൂർണമെന്റിന്റെ അവസാന എട്ടിൽ നാല് കളിക്കാർ പങ്കെടുക്കുന്ന ആദ്യ രാജ്യമായി ഇന്ത്യ മാറി. ജോർജിയയിലെ ബറ്റുമിയിൽ ഇന്നലെ നടന്ന മത്സരത്തിൽ നാല് വനിതാ താരങ്ങളും ടൈബ്രേക്ക് മത്സരങ്ങളിൽ വിജയിച്ചാണ് അവസാന എട്ടിൽ ഇടം പിടിച്ചത്. അടുത്ത ഘട്ടത്തിൽ ചൈനയുമായാണ് ഇന്ത്യയുടെ മത്സരം.

************************

## WRESTLING

ഹംഗറിയിലെ ബുഡാപെസ്റ്റിൽ നടന്ന പോളിയാക് ഇമ്രെ - വർഗ ജനോസ് മെമ്മോറിയൽ ഗുസ്തി ചാമ്പ്യൻഷിപ്പിൽ രണ്ട് സ്വർണ്ണവും ഒരു വെള്ളിയും ഒരു വെങ്കലവും ഉൾപ്പെടെ നാല് മെഡലുകൾ നേടി ഇന്ത്യൻ വനിതകൾ. ഒളിമ്പ്യൻ ആൻറിം പങ്കലും ഹർഷിതയും സ്വർണ്ണ മെഡലുകൾ നേടി. ചാമ്പ്യൻഷിപ്പിൽ നേഹ സാങ്വാന് വെള്ളിയും നീലത്തിന് വെങ്കലവും ലഭിച്ചു.

************************

## RUSSIA SANCTIONS EU

റഷ്യ - യുക്രൈൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ റഷ്യക്കെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്താൻ യൂറോപ്യൻ യൂണിയൻ തീരുമാനിച്ചു. റഷ്യയുടെ നോർഡ് സ്ട്രീം ഗ്യാസ് പൈപ്പ്ലൈനുകളുമായി ബന്ധപ്പെട്ട ഇടപാടുകൾ

നിരോധിക്കുന്നതും സാമ്പത്തിക മേഖലയ്ക്ക് മേലുള്ള അധിക നിയന്ത്രണങ്ങളും 18-ാമത് ഉപരോധ പാക്കേജിൽ ഉൾപ്പെടുന്നു.

*

***********

************************************